I/69029/2022

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - പാങ്ങോട് ഗ്രാമപ്പഞ്ചായത്ത്-പാങ്ങോട് വില്ലേജിൽ-പെട്രോൾപമ്പ് നിർമ്മി ക്കുന്നതിന്-കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗ ത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം Smt Ajitha Kumari ഈ ഓഫീസിൽ 01.08.2022, 29.08.2022 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ TCPTVM/1016/2022-D തീയതി14-09-2022**

പാങ്ങോട് ഗ്രാമപ്പഞ്ചായത്തു പരിധിയിൽ പാങ്ങോട് വില്ലേജിൽ റീസർവ്വേ നമ്പർ: 162/6-1 ( Old survey -2608 / 1 -2 )-ൽ ഉൾപ്പെട്ട 12.030 ആർ സ്ഥലത്തു 243 ച.മി. ആകെ ബിൽറ്റപ് ഏരിയയുള്ള പെട്രോൾ പമ്പ് നിർമ്മാണത്തിന് ലേ-ഔട്ട് അംഗീകാരത്തിനായി ശ്രീമതി.അജിതകുമാരി( Land owner)നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019, ചട്ടം 30 പ്രകാരം താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കേരളപഞ്ചായത്തു കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.പി.ബി.ആർ-2019), ചട്ടം 5 (6) (1) (a), (b) എന്നിവ പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.പി.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ചു ഉറപ്പു വരുത്തിയിരിക്കണം.
2. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. പ്രസ്തുത സ്ഥലത്തു ലഭ്യമായ സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ ജലനിർഗമനത്തിനു തടസം സൃഷ്ടിക്കാതെ പരിപാലിക്കണം. നിർദ്ദിഷ്ട ലേ - ഔട്ടിൽ ഡ്രെയിനേജിനുള്ള നിയമാനുസൃതസൗകര്യം നല്കിയിരിയ്ക്കണം.
4. KPBR -2019 ചട്ടം 5(4) പ്രകാരം നിഷ്കർഷിക്കുന്ന (Pollution control board, ഫയർ തുടങ്ങിയ എജൻസികളിൽ നിന്ന്) ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. KPBR -2019 ചട്ടം 10 പ്രകാരം പ്രസ്തുത സ്ഥലത്തു Earth work നടത്തുന്ന പക്ഷം ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ബന്ധപ്പെട്ട അധികാരികളിൽനിന്നും NOC ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേ ണ്ടതാണ്.
6. KPBR -2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
7. KPBR 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം .
8. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനുചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
9. നിർദ്ദിഷ്ടനിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിയ്ക്കരുത് .
10. പ്രസ്തുത നിർമ്മാണം KPBR – 2019 ചട്ടം 34, 41 ,42 ,47 എന്നിവയ്ക്ക് വിധേയമായിരിക്കണം.

I/69029/2022

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**39 /2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

RAJESH T N
TOWN PLANNER

Signed by
Rajesh T N
Date: 14-09-2022 19:01:26

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്: സെക്രട്ടറി,
പാങ്ങോട് ഗ്രാമപഞ്ചായത്ത്

പകർപ്പ്:
1) (അറിവിലേയ്ക്കായി)
ശ്രീമതി. അജിതകുമാരി
അനു വിലാസം, കാരാടിമുക്ക്
ഭരതന്നൂർ പി.ഒ
തിരുവനന്തപുരം 695609.
2) കരുതൽ ഫയൽ
3) ഫയൽ.